## IV. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം

മി. സ്പീക്കർ: താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർഥി കൊല്ലപ്പെട്ടതടക്കം സ്കൂൾ വിദ്യാർഥികളും യുവാക്കളും നടത്തുന്ന അക്രമങ്ങൾ വർധിച്ചുവരുന്നതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണം എന്ന ഉപക്ഷേപം പരിഗണയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായൊരു സാമൂഹിക വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് നമ്മുടെ സഭയിൽ മാത്രമല്ല സഭയിലൂടെ

പൊതുസമൂഹവും ചർച്ച ചെയ്യേണ്ട ധാരാളം പ്രശ്നങ്ങൾ അടങ്ങിയിട്ടുള്ളതാണ്. നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെ ലഹരി, മദ്യം, ഹിംസ ആഘോഷിക്കപ്പെടുന്ന വീഡിയോ ഗെയിം, സിനിമ, വെബ് സീരിസ്, ഇതിന്റെയെല്ലാം പങ്കിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. ഇതിനുപുറമെയും ധാരാളം കാര്യങ്ങൾ കാണാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം നാം വിശദമായി ചർച്ച ചെയ്ത്, അത് പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്ന നിലനന്നായിരിക്കും. അതുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ ഇക്കാര്യം ചർച്ച ചെയ്യാമെന്ന് സമ്മതിക്കുകയാണ്.

<u>മി. സ്പീക്കർ</u>: വളരെ റെലവന്റായ ഈ വിഷയം ചർച്ച ചെയ്യാൻ മുന്നോട്ടുവന്നതിന് ചെയർ ഗവൺമെന്റിനെ അപ്രിഷിയേറ്റ് ചെയ്യുന്നു.

ഓർഡർ....ഓർഡർ...... നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സംബന്ധിച്ച് ഇന്ന് ലഭിച്ച നോട്ടീസ് പ്രകാരം ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണ്. ഉച്ചയ്ക്ക് 12.00 മണി ചർച്ച ആരംഭിക്കുന്നതാണ്. ചർച്ച രണ്ട് മണിക്കൂർ ആയിരിക്കും. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടിക

പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് സഭ പരിഗണിക്കാനിരുന്ന 2025-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച പൂർത്തീകരിച്ചതിനുശേഷം നടത്തുന്നതാണ്. അതിലേക്കായി ബന്ധപ്പെട്ട ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യാൻ സഭയുടെ അനുമതിയോടെ തീരുമാനിക്കുകയാണ്.

ഇന്ന് നിയമനിർമ്മാണവും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപവും ചർച്ചയ്ക്കെടുക്കുകയും അതുപോലെ ധനവിനിയോഗ ബില്ലുമുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം സമയകൃത്യത പാലിച്ചുകൊണ്ട് ചെയറിനോട് സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.